www.malankaralibrary.com



# ത്യാഗത്തിലൂടെ സ്നേഹത്തിലേക്ക് സഹനത്തിലൂടെ ഐക്യത്തിലേയ്ക്ക് ...

## വലിയ മെത്രാപ്പോലീത്ത മാർ ഇവാനിയോസ് ധന്യപദവിയിലേക്ക്

■ ഫാ. തോംസൺ പഴയചിറപീടികയിൽ, ജർമ്മനി



93 വർഷം മുമ്പ്, കൃത്യമായി പറഞ്ഞാൽ 1931 മാർച്ച് 20-ന് ന്യൂയോർക്കിലുള്ള ബർണബാസ് എന്ന റഷ്യൻ ഓർത്തഡോക്സ് വൈദികന് ബഥനി ആർച്ചുബിഷപ്പായിരുന്ന മാർ ഇവാനിയോസ് എഴുതിയ ഒരു കത്തുണ്ട്. ആ കത്തിലെ പ്രസക്തഭാഗങ്ങൾ മാത്രം ഇവിടെ കുറിക്കാം. “യേശുനാഥന്റെ സ്നേഹഹൃദയമാണ് തിരുസഭയുടെ മാറിടത്തിൽ സ്പന്ദിക്കുന്നത്... സ്നേഹനാഥന്റെ ജീവദായകമായ കഷ്ടാനുഭവവും മരണവും പുനരുത്ഥാനവും വഴി വീണ്ടെടുത്ത മനുഷ്യകുലം ഒന്നടങ്കം രക്ഷാകരമായ വിശുദ്ധ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നത് കാണുവാൻ അവിടുത്തെ ഹൃദയം അവിശ്രാന്തം കത്തിയെരിഞ്ഞുകൊണ്ടിരിക്കുകയാണ്!”

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പൊലീത്തയും മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ ആർച്ചുബിഷപ്പ് മാർ ഇവാനിയോസിനെ ഫ്രാൻസിസ് മാർപാപ്പ ധന്യപദവിയിലേക്ക് ഉയർത്തിയതോടെ, ഒമ്പത് ദശകങ്ങൾക്കു മുമ്പ് കൊളുത്തിവച്ച ഐക്യദീപ ഗോപുരത്തിന്റെ പ്രകാശ ധോരണിയിൽ കത്തോലിക്കാസഭ എത്രത്തോളം ആഹ്ലാദവതിയാണെന്ന് കണ്ട് വിശ്വസിക്കാനാവുന്നതേയുള്ളു.

പുനരൈക്യത്തിനുവേണ്ടി സ്വന്തമായി സമ്പാദിച്ച ഏക്കർ കണക്കിനു സ്ഥലവും മറ്റ് ബാഹ്യവും ഭൗതികവുമായ എല്ലാ സ്വത്തു സമ്പാദ്യങ്ങളും ഉപേക്ഷിച്ച് ക്രിസ്തുവിൽ ഒന്നാകുവാനുള്ള ദിവ്യപ്രേരണയുടെ ഏകാന്തവീഥിയിൽ ആർച്ചുബിഷപ്പ് ഇവാനിയോസ് പിതാവിന് തുണയായത് ഒളിമങ്ങാത്ത ദൈവാശ്രയബോധമായിരുന്നുവെന്ന് പിന്നീട് ചരിത്രം തെളിയിച്ചതും ആദരവോടെയാണ് ഇന്നും സഭാതനയർ വീക്ഷിക്കുന്നത്.

വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ എന്നീ പടവുകൾ മാത്രമേ ഈ മഹാത്മാവിന്റെ അൾത്താര വണക്കത്തിനായി ഇനി ശേഷിച്ചിട്ടുള്ളു. പുനരൈക്യത്തിന്റെ ചരിത്ര വായനയിൽ ഒരു സഭാസ്ഥാപകന്റെ ആത്മീയ വഴിത്താര എത്രത്തോളം ദൈവികമായിരിക്കണമെന്ന് ഏതൊരു വിശ്വാസിക്കും മനസ്സിലാക്കാനാകുന്ന വിധത്തിലാണ് ഇവാനിയോസ് പിതാവിന്റെ ജീവിത മാതൃകകൾ.

ഇംഗ്ലണ്ടും അയർലണ്ടും 1932-ൽ സന്ദർശിച്ചുകൊണ്ട് സീറോ മലങ്കര കത്തോലിക്കാസഭയുടെ സാന്നിധ്യമറിയിക്കാൻ ആ രാജ്യങ്ങളിൽ ഇവാനിയോസ് പിതാവെത്തി. ഡബ്ലിനിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ, ഭാരതത്തിലെ പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാസഭയുടെ അതിസങ്കീർണ്ണമായ ദൗത്യങ്ങൾ അന്ന് പിതാവ് അവതരിപ്പിച്ചത് പാശ്ചാത്യ സഭാപിതാക്കന്മാർ അതീവ ശ്രദ്ധയോടെയാണ് കേട്ടിരുന്നതെന്ന് സഭയുടെ പിൽക്കാല ചരിത്രത്തിലുണ്ട്. ഡബ്ലിനിലെ പബ്ലിക് ലൈബ്രറിയിലെ ആർക്കൈവ്സിൽ ഇവാനിയോസ് പിതാവിന്റെ ഈ പ്രസംഗം സൂക്ഷിച്ചിട്ടുണ്ട്. ഇതോടെ ഇംഗ്ലണ്ടിലെ അന്നത്തെ രാജാവായിരുന്ന ജോർജ് അഞ്ചാമൻ അദ്ദേഹത്തോടൊപ്പം വിരുന്നിൽ പങ്കെടുക്കാൻ പിതാവിനെ ക്ഷണിക്കുകയുണ്ടായി. 93 വർഷങ്ങൾക്കു മുമ്പ് യൂറോപ്പിലേക്കുള്ള മലയാളികളുടെ കുടിയേറ്റം ഇവാനിയോസ് പിതാവ് മുൻകൂട്ടി കണ്ടിരുന്നുവോ? ദൈവകൃപയുടെ സ്നേഹപാതകൾ ഒരുക്കിയാലേ, പുനരൈക്യത്തിന്റെ പൂർണ്ണത കൈവരിക്കാനാവൂ എന്ന് ഈവാനിയോസ് പിതാവ് ചിന്തിച്ചിരുന്നു. സ്വന്തമായ ഒരു സന്യാസസഭയുണ്ടാക്കാൻ പിതാവ് എഴുതിയുണ്ടാക്കിയ മാർഗരേഖയിൽ അച്ചടക്കത്തെക്കാൾ അനുസരണത്തിനും വിധേയത്വത്തിനും ഊന്നൽ നൽകിയതുപോലും, സ്വന്തം ജീവിതപാതകളിൽ നിന്ന് ആവാഹിച്ചെടുത്ത സഹനത്തിന്റെയും ത്യാഗത്തിന്റെയും ജീവിതനിമിഷങ്ങളിൽ നിന്നായിരുന്നുവെന്നത് നമുക്ക് മറക്കാതിരിക്കാം.

